## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.292 — 28.10.2019 ൽ മറുപടിക്ക്

### ബാലുശ്ശേരി താലൂക്കാശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം<br><br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ബാലുശ്ശേരി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (എ) | ബാലുശ്ശേരി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനായി റാന്നി താലൂക്കാശുപത്രിയിൽ നിലവിലുള്ള 14 കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ തസ്തികയിൽ നിന്നും 4 എണ്ണം ബാലുശ്ശേരി താലൂക്കാശുപത്രിയിലേക്ക് സ്ഥാനമാറ്റം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഏതൊക്കെ താലൂക്കാശുപത്രികളാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃതനിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഒരു ജില്ലയിൽ നിന്ന് 2 എന്ന ക്രമത്തിൽ തെരെഞ്ഞെടുക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നും ഫറോക്ക്, ബാലുശ്ശേരി എന്നീ താലൂക്ക് ആശുപത്രികളെ ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വേണ്ടി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ഒന്നാംഘട്ടമെന്ന നിലയിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. ജൂനി. കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 1<br>2. ജൂനി. കൺസൾട്ടന്റ് (ജന.മെഡിസിൻ) - 1<br>3. സ്റ്റാഫ് നഴ്സ് - 3<br>4. ഫാർമസിസ്റ്റ് - 1<br>മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട ചികിത്സാ സംവിധാനങ്ങളും താലൂക്ക് തല ആശുപത്രികളിലും ഏർപ്പെടുത്തുന്നതിനാണ് ആർദ്രം പദ്ധതി വഴി സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. |

Hari

സെക്ഷൻ ഓഫീസർ